"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിൽ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ കെടവൂർ വില്ലേജിൽ പുന്നൂർ ദേശത്ത് വാർഡ് നമ്പർ 15 ൽ അൺസർവ്വേയിൽപ്പെട്ട കട്ടിപ്പാറ ഹോളി ഫേമിലി ചർച്ചിന്റെ കൈവശത്തുള്ള 2 ഏക്കർ സ്ഥലത്ത് ഹോളി ഫേമിലി ചർച്ചിനുവേണ്ടി സെമിത്തേരി നിർമ്മിക്കുന്നതിന് അനുമതി നൽകിയത് നിയമവിരുദ്ധമാണെന്ന് കാണിച്ച് ശ്രീമതി.അജിത മുതൽപേർ, ശ്രീ. എസ്സ്.മുഹമ്മദ് എന്നിവർ സമർപ്പിച്ച ഹർജി-ബഹു.ഹൈക്കോടതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡി.ബി)വകുപ്പ്**

**സ.ഉ.(സാധാ) നം.2439/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/11/2019

പരാമർശം:- 1 കോഴിക്കോട് ജില്ലാകളക്ടറുടെ DCKKD/8896/2017-D9 നമ്പർ നടപടിക്രമം

2 ശ്രീമതി.അജിത മുതൽപേർ സമർപ്പിച്ച 14/10/2018 ലെ അപ്പീൽ അപേക്ഷ

3 ശ്രീ. എസ്സ്.മുഹമ്മദ് സമർപ്പിച്ച 18/10/2018 ലെ അപ്പീൽ അപേക്ഷ

4 ബഹു . കേരളാഹൈക്കോടതിയുടെ WP(c) No. 1636/2019 കേസിലെ 18/01/2019 ലെ വിധിന്യായം

5 കോഴിക്കോട് ജില്ലാകളക്ടറുടെ DCKKD/8896/2017-D9 നമ്പർ റിപ്പോർട്ട്

6 കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29/11/2018 ലെ ബി.2-13281/18 നമ്പർ കത്ത്

7 കട്ടിപ്പാറ ഗ്രാമ പഞ്ചായത്തു സെക്രട്ടറിയുടെ 5.10.2019 തിയതിയിലെ A3/3676/19 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിൽ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ കെടവൂർ വില്ലേജിൽ പുന്നൂർ ദേശത്ത് വാർഡ് നമ്പർ 15 ൽ അൺസർവ്വേയിൽപ്പെട്ട കട്ടിപ്പാറ ഹോളി ഫേമിലി ചർച്ചിന്റെ കൈവശത്തുള്ള 2 ഏക്കർ സ്ഥലത്ത് ഹോളി ഫേമിലി ചർച്ചിനുവേണ്ടി സെമിത്തേരി നിർമ്മിക്കുന്നതിന് പ്രവർത്തനാനുമതിയും ലൈസൻസും നൽകി പരാമർശം 1 പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനെതിരെ ശ്രീമതി അജിത, ശ്രീ. എസ്സ്.മുഹമ്മദ് എന്നിവർ പരാമർശം 2,3 പ്രകാരം അപ്പീൽ അപേക്ഷ നൽകുകയും ശ്രീമതി അജിത WP(c) No. 1636/2019 ആയി ബഹു . കേരളാഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയുമുണ്ടായി . പ്രസ്തുത റിട്ട് പെറ്റീഷനിൽ ബഹു . കേരളാഹൈക്കോടതി പരാമർശം 4 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പരാതിക്കാരി എക്സിബിറ്റ് P7 ആയി സമർപ്പിക്കുന്ന പരാതിയിന്മേൽ ഒന്നാം എതിർകക്ഷിയായ

തദ്ദേശസ്വയംഭരണവകുപ്പ സെക്രട്ടറി പരാതിക്കാരിയേയും ബന്ധപ്പെട്ടവരെയും നേരിൽ കേട്ട് ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് ഉത്തരവാകുകയുണ്ടായി .

2) കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഹോളിഫാമിലി ചർച്ചിന് ശ്മശാനം പണിയുന്നതിന് കോഴിക്കോട് ജില്ലാകളക്ടർ നല്കിയ അനുമതി നിയമവിരുദ്ധമായിട്ടുള്ളതാണ് എന്നതാണ് പരാതിയിലെ ആരോപണം. പ്രസ്തുത ആരോപണത്തിന് ഉപോത്ബലകമായി ടിയാൾ പരാതിയിൽ ഉന്നയിച്ച കാര്യങ്ങൾ താഴെ പറയുന്നവയായിരുന്നു .

1. ടി സ്ഥലത്ത് ശ്മശാനം നിർമ്മിക്കുന്നതിന് താമരശ്ശേരി തഹസീൽദാർ പ്രതികൂലറിപ്പോർട്ടാണ് നല്കിയിരുന്നത് . എന്നാൽ മേൽറിപ്പോർട്ടിനെ അവഗണിച്ചുകൊണ്ടാണ് കളക്ടർ അനുമതി നല്കിയത്

2.പഞ്ചായത്തിരാജ് സെക്ഷൻ 15(4)(9) പ്രകാരം വോൾട്ട് ടൈപ്പ് ശ്മശാനം പണിയുന്നതിന് അനുമതി നല്കേണ്ടത് പഞ്ചായത്താണ് . പഞ്ചായത്തിന്റെ അനുമതിയില്ലാതെ ശ്മശാനം പണിയുന്നത് നിയമവിരുദ്ധമാണ് .

3. പഞ്ചായത്തിരാജ് റൂൾ 6 പ്രകാരം ശവം മറവു ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും ലൈസൻസ് ആവശ്യമാണെന്നും ആയതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുമതി ആവശ്യമാണ് .

4.ശ്മശാന നിർമ്മാണത്തിന് അനുമതി നല്കണമെന്ന ഉത്തരവിലെ വിഷയം ന്യൂനപക്ഷകമ്മീഷന്റെ അധികാരപരിധിയിൽ വരുന്ന വിഷയമല്ല .

3) കോടതി വിധിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരിയേയും ബന്ധപ്പെട്ടവരേയും നേരിൽ കേൾക്കുകയും വിഷയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയും ചെയ്തു .

4) പരാതിക്കാരിയായ ശ്രീമതി അജിത നേരിൽ കേട്ടപ്പോഴും പരാതിയിൽ ഉന്നയിച്ചകാര്യങ്ങൾ തന്നെയായിരുന്നു ആരോപിച്ചത് . പള്ളിക്കു വേറെ സെമിത്തേരി ഉണ്ടെന്നും ആയതിനാൽ മറ്റൊരു സെമിത്തേരിയുടെ ആവശ്യമില്ലെന്നും ആയിരുന്നു മറ്റൊരുപരാതിക്കാരനായ ശ്രീ. മുഹമ്മദ് ആവശ്യപ്പെട്ടത് .

5) മൂന്നാം എതിർകക്ഷിയായ പള്ളി വികാരിയെ നേരിൽ കേട്ടതിൽ 60 വർഷം പഴക്കമുള്ള പള്ളിയിലേക്ക് 900 മീറ്റർ അകലെയായി മണ്ണിൽ തീർത്ത സെമിത്തേരി ഉണ്ടെങ്കിലും ആയത് സ്ഥിതിചെയ്യുന്നത് വിജനമായ കാട് പിടിച്ച കിടക്കുന്ന പ്രദേശത്താണെന്നും ആയതിനാൽ വിശ്വാസികൾക്ക് അവിടെ പോയി പ്രാർത്ഥിക്കുന്നതിന് ബുദ്ധിമുട്ടാണെന്നും ആയതിനാലാണ് ഇപ്രകാരം ഒരു ശ്മശാനം നിർമ്മിക്കുന്നതിന് തീരുമാനം കൈകൊണ്ടത് എന്നും കൂടാതെ മറ്റു ജനങ്ങൾക്ക് ആരോഗ്യത്തിന് ഹാനികരമാകാത്തതും പരിസ്ഥിതിയ്ക്ക് യോജിച്ചതുമായ വോൾട്ട് ടൈപ്പ് സെമിത്തേരി പണിയുന്നതാണ് തീരുമാനിച്ചത് എന്നും സെമിത്തേരിയിൽ 4 പേരുടെ സംസ്കാരം നടത്തിട്ടുണ്ടെന്നും അതിനു നാളിതുവരെ ഒരു വിധത്തിലുള്ള തർക്കമോ സാമുദായിക പ്രശ്നങ്ങളോ ഉണ്ടായിട്ടില്ലാ എന്നും അറിയിച്ചിരുന്നു . കൂടാതെ ഒന്നാം കക്ഷിയായ അജിത പള്ളിയുടെ മറ്റ് നിർമ്മാണപ്രവർത്തനങ്ങൾക്കും നിരന്തരം തടസ്സം നിൽക്കുകയും കോടതികളിൽ കേസ്സുകൾ നല്കുകയും ചെയ്യുന്നു എന്നും ഈ കേസുകളെല്ലാം ബഹു . കോടതി തള്ളികളയുകയാണുണ്ടായത് എന്നും ആയതുകൊണ്ട് എല്ലാ സർക്കാർ നിയമങ്ങളും പാലിച്ച് നിർമ്മിക്കുകയും ഉപയോഗിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സെമിത്തേരിക്കെതിരെയുള്ള

പരാതികൾ തള്ളിക്കളയണമെന്നും ആവശ്യപ്പെട്ടുകയുണ്ടായി . സെമിത്തേരി നിർമ്മാണത്തിന് അനുമതി നല്കികൊണ്ടുള്ള മലിനീകരണനിയന്ത്രണബോർഡിന്റെ സർട്ടിഫിക്കറ്റുകളും ജില്ലാമെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടും മൂന്നാം എതിർകക്ഷി ഹാജരാക്കുകയുണ്ടായി.

.6) കട്ടിപ്പാറ ഗ്രാമപഞ്ചാത്ത് സെക്രട്ടറിയിൽ നിന്നും വിവരം ആരാഞ്ഞതിൽ ഈ വിഷയം സംബന്ധിച്ച് ജില്ലാ കളക്ടർ നല്കിയ റിപ്പോർട്ടിൽ ജില്ലാ മലിനീകരണനിയന്ത്രണബോർഡ് , ജില്ലാ മെഡിക്കൽ ഓഫീസർ , ജില്ലാ കലക്ടർ നിയോഗിച്ച റവന്യൂ അധികാരികൾ എന്നിവരുടെ റിപ്പോർട്ടിനു ശേഷമാണ് അനുമതി നല്കിയിട്ടുള്ളതെന്നും ആയതിനാൽ പരാതിയിലെ ആരോപണങ്ങൾ കഴമ്പില്ലാത്തതാണെന്നും കേരളപഞ്ചായത്തിരാജ് ചട്ടപ്രകാരമാണ് സെമിത്തേരി നിർമ്മിച്ചതെന്നും അറിയിച്ചിട്ടുണ്ട് .

7) പരാതിയിൽ ഉന്നയിച്ച വിഷയങ്ങളിന്മേൽ താഴെ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്

1. താമരശ്ശേരി തഹസീൽദാർ ജില്ലാകളക്ടർക്ക് 18.02.2015 ൽ നല്കിയ റിപ്പോർട്ടിൽ ഏകദേശം 30 മീറ്റർ അകലത്തിൽ കുറച്ച് വീട്ടുകാർ താമസിക്കുന്നുണ്ടെന്നും ചർച്ചിന്റെ 20 മീറ്റർ ഉള്ളിലായി ഒരു യു . പി . സ്കൂൾ സ്ഥിതി ചെയ്യുന്നു എന്നും ചർച്ചിന് 400 മീറ്റർ വടക്കുപടിഞ്ഞാറായി ചർച്ചിന്റെ ഉടമസ്ഥതയിൽ ശ്മശാനങ്ങൾ നിലവിലുണ്ടെന്നും ആയതിനാൽ ഈ ശ്മശാനത്തിന്റെ കാര്യം പരിഗണിക്കേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട് . ആയതിൽ നിന്ന് താമരശ്ശേരി തഹസിൽദാർ ശ്മശാന നിർമാണം നിയമ വിധേയമല്ല എന്നല്ല നിരീക്ഷിച്ചിട്ടുള്ളതെന്നും എന്നാൽ ചർച്ചിന്റെ ഉടമസ്ഥതയിൽ ശ്മശാനങ്ങൾ നിലവിലുണ്ടെന്നും ആയതിനാൽ ഈ ശ്മശാനത്തിന്റെ കാര്യം പരിഗണിക്കേണ്ടതില്ല എന്നുമാണ് റിപ്പോർട്ടുചെയ്തിരുന്നത്. എല്ലാ നിബന്ധനകളും പാലിച്ചിട്ടുണ്ടോ എന്നുമാണ് പരിശോധികേണ്ടത് പള്ളിയ്ക്ക് മേൽ സ്ഥലത്ത് കല്ലറയുടെ ആവശ്യമുണ്ടോയെന്ന് സർക്കാരിന് തീരുമാനിക്കുവാൻ സാധിക്കുകയില്ല എന്നാൽ നിലവിലുള്ള ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരമാണോ എന്നും എല്ലാ നിബന്ധനകളും പാലിച്ചിട്ടുണ്ടോ എന്നും ഉറപ്പ വരുത്തേണ്ടത് സർക്കാരാണ് .

2. സെമിത്തേരി പണിയുന്നതിന് കളക്ടർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ പഞ്ചായത്തിന്റെ അനുമതി ആവശ്യമില്ലാത്തതാണ് . ഇവിടെ ആവശ്യമായ രേഖകൾ (മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ആരോഗ്യവകുപ്പിന്റെയും റവന്യൂ അധികാരികളുടെയും )പരിശോധിച്ചശേഷമാണ് കളക്ടർ അനുമതി നൽകിയിട്ടുള്ളത് .ആയതിനാൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ പണിയുന്നത് നിയമവിരുദ്ധമാണ് എന്ന പരാതിയിലെ ആരോപണം ശരിയല്ല .

3. പഞ്ചായത്തിരാജ് റൂൾ പ്രകാരം ശവം മറവു ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുമതിയും ജില്ലാ കളക്ടറുടെ അനുമതിയും ലഭ്യമായ സാഹചര്യത്തിൽ പഞ്ചായത്തിന് ലൈസൻസ് നൽകുന്നകാര്യത്തിൽ തിരുമാനം പഞ്ചായത്തിന് കൈകൊള്ളാവുന്നതാണ് .

4. ന്യൂനപക്ഷകമ്മീഷന് ഈ വിഷയവുമായി ബന്ധപെട്ടു ഉത്തരവ് പുറപ്പെടുവിക്കാമോ എന്ന വിഷയം പരിശോധിക്കേണ്ടത് ഈ വകുപ്പിലല്ല . നിലവിലുള്ള റൂൾ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിലും ശ്മശാനം നിർമിക്കുന്നതിനുള്ള അനുമതി കളക്ടർക്ക നൽകാവുന്നതാണ് . ഇവിടെ നിലവിലുള്ള രേഖകൾ പരിശോധിച്ചശേഷമാണ് കളക്ടർ അനുമതി നൽകിയിട്ടുള്ളത് .

8. 1998- ലെകേരള പഞ്ചായത്ത് രാജ് { ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ } ചട്ടം 5 പ്രകാരം ജനവാസഗൃഹങ്ങളുടെ 50 മീറ്റർ പരിധിക്കുള്ളിൽ ശവം മറവു

ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ ഏർപ്പെടുത്താൻ പാടില്ലെന്നും എന്നാൽ , കോൺക്രീറ്റ് കല്ലറകളുടെയും { വൈദ്യുത ക്രിമറ്റോറിയങ്ങളുടെയും പെട്രോളിയം ഗ്യാസ് കൊണ്ട് പ്രവർത്തിക്കുന്ന ക്രിമറ്റോറിയങ്ങളുടെയും } സംഗതിയിൽ ജനവാസഗൃഹങ്ങളിൽ നിന്നുള്ള അകലം ഏറ്റവും കുറഞ്ഞത് 25 മീറ്റർ മതിയാകുന്നതാണ് എന്നു നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ വോൾട്ട് ടൈപ്പ് സെമിത്തേരികൾ കുടിവെള്ളസ്രോതസ്സിൽ നിന്ന് എത്ര അകലം പാലിക്കണമെന്ന് ചട്ടങ്ങളിൽ വ്യക്തമായി നിഷ്കർഷിച്ചിട്ടില്ല , സാധാരണ സെമിത്തേരികളിൽ 50 മീറ്റർ എന്ന് വ്യക്തമാക്കിയിട്ടുണ്ട് . സാധാരണ സെമിത്തേരികളിൽ ശവം മറവ് ചെയ്യുന്നത് മണ്ണിൽ തന്നെയായതിനാൽ കുടിവെള്ളസോത്രസ്സിൽ നിന്ന് 50 മീറ്റർ അകലം അത്യന്താപേക്ഷിതമാണ് . എന്നാൽ വോൾട്ട് ടൈപ്പിൽ കോൺക്രീറ്റ് അറകൾക്കുള്ളിലാണ് മൃതശരീരം സൂക്ഷിക്കുന്നത് . ആയതിനാൽ മേൽ പ്രകാരമുള്ള സെമിത്തേരികളിൽ മലിനീകരണം കുറവാണ് . ആയതിനാൽ കുടിവെള്ളസ്രോതസ്സിൽ നിന്ന് 50 മീറ്റർ അകലം പാലിക്കേണ്ടതായിട്ടില്ല. എന്നിരുന്നാൽ തന്നെയും ഇവിടെ തോട് 54 മീറ്ററും കിണർ 47മീറ്റർ അകലത്തിലുമാണ് സ്ഥിതിചെയ്യുന്നതെന്നാണ് പഞ്ചായത്തു അറിയിച്ചിട്ടുള്ളത് . കൂടാതെ കിണറ്റിലെ ജലം കുടി വെള്ളത്തിനായി ഉപയോഗിക്കുന്നുണ്ട് എന്നും വ്യക്തമാക്കിയിട്ടില്ല .

9) മേൽ സാഹചര്യത്തിൽ രേഖകൾ എല്ലാം പരിശോധിച്ചശേഷം കോഴിക്കോട് ജില്ലാ കളക്ടർ കട്ടിപ്പാറ ഹോളി ഫാമിലി ചർച്ചിന് വോൾട്ട് ടൈപ്പ് ശ്മശാനം നിർമ്മിക്കുന്നതിന് നല്കിയ അനുമതി ഉത്തരവ് റദ്ദുചെയ്യേണ്ടതായി തോന്നുന്നില്ല . ആയതിനാൽ പരാതിക്കാരുടെ ആവശ്യം നിരസിച്ചും സെമിത്തേരിനിർമ്മാണത്തിനുള്ള ലൈസസൻസ് നല്കുന്നതിന് ഗ്രാമപഞ്ചായത്തിനു നിർദ്ദേശം നല്കിയും ബഹു. ഹൈക്കോടതിയുടെ പരാമർശം 4 ലെ വിധിന്യായം നടപ്പിലാക്കിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ജില്ലാ കളക്ടർ, കോഴിക്കോട്
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം.
സെക്രട്ടറി, കട്ടപ്പാറ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല
ശ്രീമതി.അജിത, കെടവൂരംശം, പൂനൂർ ദേശം, കട്ടിപ്പാറ പി.ഒ, കോഴിക്കോട്-673 573
ശ്രീ.എസ്സ്. മുഹമ്മദ്, സാമ്പ്രിക്കൽ (വീട്), കട്ടിപ്പാറ പി.ഒ കോവിക്കോട്-673 573
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ